**QP CODE** **Enrollment Number: .................**

**H2014** **Name: ....................................**

**M.A. DEGREE EXAMINATIONS, FEBRUARY 2026**
**Third Semester**
**M.A. Malayalam Language and Literature**
**M21ML09DC – ഇന്ത്യൻ സാഹിത്യ സിദ്ധാന്തങ്ങൾ**
**(2024 July admissions)**

**Time: 3 hours** **Max Mark: 70**

**സെക്ഷൻ എ**

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതം.**

1. സാഹിത്യം എന്ന പദത്തിന് ഭാരതീയകാവ്യശാസ്ത്ര രംഗത്തുണ്ടായ അർത്ഥപരിണാമമെന്ത്?
2. ഉപമയുടെ വകഭേദങ്ങൾ ഏതെല്ലാം?
3. പ്രതിഭയില്ലെങ്കിൽ കവിതയുണ്ടാവില്ല എന്ന ഭാരതീയ നിലപാടിന്റെ അർത്ഥമെന്ത്?
4. 'സൗന്ദര്യമലങ്കാരഃ' എന്ന സങ്കല്പത്തിന്റെ അർത്ഥമെന്ത്?
5. പ്രധാനപ്പെട്ട ധ്വനി നിഷേധ സിദ്ധാന്തങ്ങൾ ഏതെല്ലാം?
6. സാത്വികഭാവങ്ങൾ എന്താണ്?
7. വാമനാചാര്യൻ പറയുന്ന പ്രധാന രീതികൾ ഏതെല്ലാം?
8. കുറിപ്പെഴുതുക- ധ്വന്യാലോകം.

**(2X5=10)**

**സെക്ഷൻ ബി**

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരുപുറത്തിൽ ഉത്തരമെഴുതുക. 5 മാർക്ക് വീതം.**

9. സാഹിത്യത്തിലെ മാർഗി-ദേശി വിഭജനത്തിന്റെ അടിസ്ഥാനമെന്ത്.
10. കാവ്യപ്രയോജനത്തെക്കുറിച്ച് ഭാരതീയകാവ്യശാസ്ത്രത്തിന്റെ നിലപാട് എന്തായിരുന്നു?
11. ഗുണീഭൂത വ്യംഗ്യം, ചിത്രകാവ്യം എന്നിവ എന്തെന്ന് വിശദമാക്കുക?
12. മഹാകാവ്യലക്ഷണം വിവരിക്കുക.

13. ദ്രാവിഡകാവ്യശാസ്ത്രത്തിന്റെ അടിത്തറയാണ് 'ഐന്തിണ' എന്ന നിലപാടിന്റെ അർത്ഥമെന്ത്?
14. ഭാഷയിലെ പ്രധാന ശബ്ദാലങ്കാരങ്ങൾ ഏതെല്ലാം?
15. ഭാഷാവൃത്തങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം?
16. രസാസ്വാദനത്തിലെ സപ്തവിഘ്നങ്ങൾ ഏതെല്ലാം?
17. രീതിയും ശൈലിയും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ എന്തെല്ലാം?
18. പെണ്ണെഴുത്തിലെ ഭാഷാപരമായ സവിശേഷതയെന്ത്?

**(5X6=30)**

**സെക്ഷൻ സി**

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.15 മാർക്ക് വീതം.**

19. 'സഹൃദയൻ രസം ആസ്വദിക്കുന്നതെങ്ങനെ എന്ന പ്രശ്നത്തിന്റെ വിശദീകരണമാണ് രസസിദ്ധാ ന്തത്തിനുണ്ടായ പ്രധാന വ്യാഖ്യാനങ്ങൾ' - വിവരിക്കുക.
20. മലയാളത്തിലെ കിളിപ്പാട്ട്, തുള്ളൽ വൃത്തങ്ങൾ ഉദാഹരണസഹിതം വിശദമാക്കുക.
21. വക്രോക്തി കാവ്യത്തിന്റെ സർവ്വവ്യാപക തത്ത്വമാണെന്ന് കുന്തകൻ വിശദീകരിക്കുന്നതെങ്ങനെ?
22. സമകാലിക സാഹിത്യത്തെ പഠിക്കാൻ തിണസങ്കല്പം പര്യാപ്തമാണോ? അതിന്റെ പ്രസക്തിയും സാധ്യതയും വിലയിരുത്തുക.

**(15X2=30)**